<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനാറാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 339** **28.10.2019 ൽ മറുപടിയ്ക്ക്**

## ശിശുവികസന പദ്ധതി ഓഫീസർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ എത്ര സി.ഡി.പി.ഒ (ശിശുവികസന പദ്ധതി ഓഫീസർ) തസ്തികകളാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ഒഴിവുണ്ടോയെന്നും വിശദമാക്കുമോ; ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വേങ്ങര, വേങ്ങര അഡീഷണൽ എന്നിങ്ങനെ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശിശു വികസന പദ്ധതി ഓഫീസറുടെ ഓരോ തസ്തിക നിലവിലുണ്ട്. വേങ്ങര അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ ശിശു വികസന പദ്ധതി ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവിൽ വേങ്ങര ശിശു വികസന പദ്ധതി ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ബ്ലോക്ക് പഞ്ചായത്തുകളിൽ സി.ഡി.പി.ഒ തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Child Development Scheme നടപ്പാക്കുന്നതിന്റെ ഭാഗമായി ജനസംഖ്യാനുപാതികമായി പഞ്ചായത്ത് തലത്തിൽ അനുവദിയ്ക്കുന്ന അംഗൻവാടികൾ മോണിറ്റർ ചെയ്യുന്നതിനായി വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളുടെ കാര്യാലയ മേധാവിയാണ് ശിശു വികസന പദ്ധതി ഓഫീസർ. ശിശു വികസന പദ്ധതി ഓഫീസർ തസ്തിക അനുവദിയ്ക്കുന്നത് കേന്ദ്ര സർക്കാരാണ്. ടി തസ്തികയിലേയ്ക്ക് ഉദ്യോഗസ്ഥരെ |

| | | | |
|---|---|---|---|
| | | | നിയമിയ്ക്കുന്നത് വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ്. |
| (സി) | പഞ്ചായത്തിന്റെ വിവിധ പദ്ധതി നിർവ്വഹണത്തിലും മറ്റും അനിവാര്യമായ സേവനം അനുഷ്ഠിക്കുന്ന ഈ തസ്തികകളിൽ ഒഴിവുള്ള പക്ഷം അടിയന്തരമായി നിയമനം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നതിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള DPC (Lower) 15.10.2019 ന് കൂടുകയും സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലുമാണ്. സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്താലുടൻ നിലവിൽ ഒഴിവുള്ള ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശിശു വികസന പദ്ധതി ഓഫീസർമാരെ നിയമിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.